ॐ

# ശ്രീമദ്ഭാഗവതം നിത്യപാരായണം 208-ാം ദിവസം

വയം ഹി ബ്രാഹ്മണാസ്താത ക്ഷമയാർഹണതാം ഗതാ:
യയാ ലോകഗുരുർദ്ദേവ: പാരമേഷ്ഠ്യമഗാത് പദം **(9-15-39)**
ക്ഷമയാ രോചതേ ലക്ഷ്മീർബ്രാഹ്മീ സൌരീ യഥാ പ്രഭാ
ക്ഷമിണാമാശു ഭഗവാംസ്തുഷ്യതേ ഹരിരീശ്വര: **(9-15-40)**

*ശുകമുനി തുടർന്നു:*
പുരൂരവസിൻെറ പിൻതലമുറക്കാരിലൊരാളായിരുന്നു ഗാധി. കുശാംബുവിൻെറ പുത്രൻ. ഗാധിക്ക് സത്യവതി എന്നൊരു മകളുണ്ടായിരുന്നു. ഋചികമുനിക്ക് സത്യവതിയെ വിവാഹം ചെയ്യണമെന്നുണ്ടായിരുന്നു. എന്നാൽ മുനിക്കതിനു യോഗ്യതയുണ്ടോ എന്ന സംശയത്താൽ ഗാധി അദ്ദേഹത്തോട് ആയിരം കുതിരകളെ ആവശ്യപ്പെട്ടു. ഋചികൻ വരുണനിൽ നിന്ന് ആയിരം കുതിരകളെ വാങ്ങി രാജാവിന് നൽകി. സത്യവതിയെ പാണിഗ്രഹണം ചെയ്തു. സത്യവതിക്കും അവളുടെ അമ്മയ്ക്കും പുത്രലാഭത്തിനാഗ്രഹമുണ്ടായി. അതിനായി ഋചികമുനി മന്ത്രമുച്ചരിച്ച് ചരുവുണ്ടാക്കി (അന്നംകൊണ്ടുള്ള പാചകം). മകൾക്ക് ഒരു ബ്രാഹ്മണ കുമാരനും അമ്മയ്ക്ക് ഒരു വില്ലാളിവീരനും ജനിക്കണമെന്നായിരുന്നു ഉദ്ദേശം. എന്നാൽ മുനി തൻെറ ഭാര്യയോട് പ്രത്യേക സ്നേഹം കാണിക്കുമെന്നു കരുതി അമ്മ മകൾക്കുള്ള വിഹിതം ഭക്ഷിച്ചു കളഞ്ഞു. സത്യവതി ഇതറിഞ്ഞ് ദു:ഖിതയായി. ഋചികൻ ഇതു മൂലമുണ്ടാവുന്ന ഭവിഷ്യത്തിനെപ്പറ്റി പറയുകയും ചെയ്തു. ഒരു വരമെന്ന നിലയിൽ തൻെറ മകനല്ല മകൻെറ മകനായിരിക്കും പരാക്രമിയായ യോദ്ധാവ് എന്ന് ഋചികൻ അറിയിച്ചു. ഈ പൗത്രനാണ് പരശുരാമൻ.

ഈ സമയത്ത് അർജുനൻ എന്നു പേരായ ഒരു ചക്രവർത്തിയുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം കളിയായി രാവണനെ പിടിച്ചു കെട്ടുകയുണ്ടായി. ഈ കാർത്തവീര്യാർജുനൻ കാട്ടിൽ അലയുമ്പോൾ ജമദഗ്നിമുനി യുടെ ആശ്രമം ശ്രദ്ധയിൽ പെട്ടു. പരശുരാമൻെറ അച്ഛനാണ് ജമദഗ്നി. രാജാവിന് ഉചിതമായ സദ്യയും സൽക്കാരവും ആശ്രമത്തിൽ നിന്നു ലഭിച്ചു. ജമദഗ്നിമുനി സർവ്വാഭീഷ്ടപ്രദയായ കാമധേനുവിൻെറ സഹായത്തോടെയാണ് വിരുന്നൊരുക്കിയത്. രാജാവിന് മുനിയുടെ കൈവശമുള്ള കാമധേനുവിൽ ആഗ്രഹം ജനിച്ചു. അളവറ്റ സമ്പത്തിൻെറ ഉറവിടമാണല്ലോ ആ ദിവ്യമായ പശു. അർജുനൻ ബലപ്രയോഗം നടത്തി പശുവിനെ കൊണ്ടുപോയി. പരശുരാമൻ ഈ വിവരമറിഞ്ഞ് കോപിഷ്ഠനായി. തൻെറ മഴുവുമെടുത്ത് രാജാവിൻെറ നേർക്ക് പാഞ്ഞു.

തൻെറ നേർക്ക് ആക്രമണത്തിനൊരുങ്ങുന്ന തേജസ്സുറ്റ ബ്രാഹ്മണനെ കണ്ട് അർജുനൻ തൻെറ വീരസേനകളെ പോരിനയച്ചു. പരശുരാമൻ സേനയെ തുരത്തിയോടിച്ചു. അർജുനനും പരശുരാമനും നേർക്കു നേരെയായി യുദ്ധം. രാജാവയച്ച ചാട്ടുളികൾ എല്ലാം പരശുരാമൻ തടുത്തു. അരജുനൻെറ അനേകം കൈകളും കാലുകളുമെല്ലാം പരശുരാമൻ വെട്ടിയെറിഞ്ഞു. അവസാനം തലയുമറുത്തെടുത്തു. പശുവിനേയും കൊണ്ട് അദ്ദേഹം അച്ഛൻെറയടുക്കൽ ചെന്നു. അദ്ദേഹം സന്തുഷ്ടനായില്ലെന്നു മാത്രമല്ല ഇങ്ങിനെ ഗുണ ദോഷിക്കുകയും ചെയ്തു.

“മകനേ, ബ്രാഹ്മണർ അവരുടെ ബഹുമാന്യതയുണ്ടാക്കിയെടുത്തിട്ടുള്ളത് ക്ഷമാഗുണംകൊണ്ടും സഹനശക്തികൊണ്ടുമാണ്. സൃഷ്ടാവായ ബ്രഹ്മാവുപോലും ഈ ഗുണമഹിമകൾ കൊണ്ടാണ് നിലകൊള്ളുന്നത്. ക്ഷമാശീലമാണ് ബ്രാഹ്മണരുടെ ആത്മീയസമ്പത്ത്. അതിനാൽ ഭഗവൽപ്രീതിയുണ്ടാവുന്നു. ഒരു രാജാവിനെ കൊല്ലുന്നത് ബ്രാഹ്മണനെ കൊല്ലുന്നതിനേക്കാൾ ഹീനമായ പ്രവൃത്തിയാണ്. അതുകൊണ്ട് ഈ പാപപരിഹാരത്തിനായി ഭഗവൽക്ഷേത്രങ്ങളുള്ള പുണ്യഭൂമികളിലേക്ക് ഒരു തീർത്ഥാടനം തുടങ്ങുക.”